

# ബുഖാറയുടെ മണവാട്ടി

മുസ്ലിം പണ്ഡിത പ്രമുഖരാൽ അനുഗ്രഹീത ദേശമായ തിമൂറിന്റെ ഉസ്ബെക്കിസ്ഥാനിലേക്ക് തിരിക്കുകയായിരുന്നു ഞാൻ. ഫ്ളൈറ്റിലിരുന്ന് ഉസ്ബെക്കിനെ കിനാവ് കാണാൻ ആഗ്രഹിച്ചെങ്കിലും ഉസ്ബെക്കിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികളുടെ പ്രലപനങ്ങൾ എന്റെ ചിന്തകളെ അലങ്കോലപ്പെടുത്തി. ദക്ഷിണേന്ത്യൻ വിദ്യാർത്ഥികളായിരുന്നു അവരിൽ ഭൂരിഭാഗവും. ഉസ്ബെക്കിന്റെ അക്കാദമിക മികവായിരിക്കുമോ അതോ സാമ്പത്തിക ഭദ്രതയായിരിക്കുമോ അവരെ ആകർഷിച്ചിട്ടുള്ളത്? ഉത്തരം കിട്ടാത്ത ചിന്തകളിൽ നിന്നും ഞാനെന്റെ മനസ്സിനെ മുക്തമാക്കാൻ ശ്രമിച്ചു.

ഉസ്ബെക്കിലെ ഔദ്യോഗിക അഭിവാദ്യം 'അസ്സലാമു അലൈക്കും' എന്നു തന്നെയായിരുന്നുവെങ്കിലും പ്രത്യക്ഷ കാഴ്ചകൾ മറ്റൊരു യാഥാർത്ഥ്യത്തെയാണ് കാണിച്ചുതന്നത്. ധൈഷണികവും രാഷ്ട്രീയപരവും കാർഷികപരമായും സമൃദ്ധിയുള്ള മണ്ണാണ് ഉസ്ബെക്കിന്റേത്. ഒരു വശത്ത്, കോട്ടണും മറ്റു വിളകളും രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ സമ്പന്നമാക്കിയപ്പോൾ മറുവശത്ത് പ്രഗത്ഭരായ പണ്ഡിതരും നേതാക്കളും രാഷ്ട്രത്തിന്റെ ധൈഷണിക ഭൂമികയെ സമ്പുഷ്ടമാക്കിയിരുന്നു. അമീർ തിമൂർ, ഉലൂഗ് ബെഗ്, ബാബർ എന്നിവർ അധികാര കിരീടങ്ങൾ കയ്യടക്കിയപ്പോൾ ഇമാം ബുഖാരിയും ബഹാഉദ്ദീൻ നഖ്ശബന്ദിയും വിശ്വാസിയുടെ മനതലങ്ങളെ കീഴടക്കി.

ഇസ്ലാമിക ലോകത്ത് ഹദീസ് വിജ്ഞാനീയങ്ങളിൽ അനൽപമായ സംഭാവനകളർപ്പിച്ച ഇമാം ബുഖാരി(റ)യെ മാറ്റിനിർത്തിക്കൊണ്ട് ഉസ്ബെക്കിന്റെ സൗന്ദര്യത്തെ ആസ്വദിക്കാൻ സാധ്യമല്ല. പ്രവാചക വചനങ്ങളായ ഹദീസുകളെ കൈകാര്യം ചെയ്യുന്നതിൽ ഇമാം ബുഖാരി(റ) കൈകൊണ്ട കണിശതയും വിട്ടുവീഴ്ചയില്ലാത്ത സൂക്ഷ്മതയും അപാരം തന്നെയാണ്. പ്രവാചകനോടുള്ള തീവ്ര പ്രണയമായിരിക്കണം ഇമാം ബുഖാരിയെ തീവ്രമായ സൂക്ഷ്മത പുലർത്താൻ പ്രേരിപ്പിച്ചത്. കാരണം പ്രണയികൾ പ്രണയത്തിൽ അതിസൂക്ഷ്മത പുലർത്തുന്നവരാണല്ലോ.

ധനിക കുടുംബത്തിൽ പിറന്ന മഹാൻ അറിവ് സമ്പാദനത്തിനായി  അനേകം സ്വത്ത് ചെലവഴിച്ചിരുന്നു. ഒടുവിൽ കയ്യിലെ സ്വത്ത് മുഴുവൻ തീർന്ന്, ഹദീസ് അന്വേഷിച്ചുള്ള യാത്രക്കിടെ പച്ചപ്പുല്ല് പോലും ഭക്ഷിച്ചിട്ടുണ്ട്. അത്രയേറെ ത്യാഗങ്ങൾ സഹിച്ചാണ് ഖുർആനിനു ശേഷം ലോകത്തെ ഏറ്റവും  ആധികാരിക ഗ്രന്ഥമായ സ്വഹീഹുൽ ബുഖാരി രചിക്കുന്നത്. അത്തരം ആത്മാർത്ഥതയുള്ള പണ്ഡിതരെ ഇന്ന് കണ്ടെത്തുക ഒരു പക്ഷേ പ്രയാസകരമായിരിക്കും. സമകാലിക ഇസ്ലാമിക ലോകത്ത് നിർഭാഗ്യവശാൽ വാക്ചാതുരിക്കാണ് പാണ്ഡിത്യത്തെക്കാൾ പ്രാധാന്യം. പണ്ഡിതരേക്കാൾ പ്രസംഗകർക്ക് സ്ഥാനം നൽകപ്പെടുന്നു. ഇടക്ക്, ആകാശത്തു നിന്നും കാണപ്പെടുന്ന മഞ്ഞുമൂടിയ ബുഖാറയുടെ മലക്കെട്ടുകൾ എന്റെ ചിന്തകൾക്ക് വിഘ്നം വരുത്തി.

## താഷ്കെന്റ്

താഷ്കെന്റ് എയർപോർട്ടിലെത്തി. ഡൽഹി

യിലെ ഹുമയൂൺ ഖബറിടത്തോട് സാദൃശ്യതയുള്ള ഒരു കെട്ടിട നിർമ്മിതിയാണ് എന്റെ ആദ്യ നോട്ടത്തിൽ പതിഞ്ഞത്. അമീറിന്റെ കാലത്ത് ആർക്കിടെക്ചറുകൾക്ക് നൽകുന്ന ഗ്രാന്റുകൾ നിലവിലെ സർക്കാറുകൾ നൽകുന്നതിനേക്കാളും എത്രയോ കേമമായിരുന്നു. നീണ്ട വരിയുണ്ടായിരുന്നെങ്കിലും ഞൊടിയിടയിൽ പുറത്തെത്താൻ തിമൂറിലെ ഉദ്യോഗസ്ഥർ  എന്നെ സഹായിച്ചു. എന്റെ പിന്നിൽ വർഗ്ഗ-വർണ്ണ വൈജാത്യമുള്ള അനേകം സ്വദേശികൾ. അവർ എന്നെ പിന്തുടരുന്നത് പോലെ വരുന്നുണ്ടായിരുന്നു. മഞ്ഞ, ചുവപ്പ്, കറുപ്പ്, ബ്രൗൺ എന്നിങ്ങനെ പല നിറങ്ങളിൽ മുടിയുള്ളവരുണ്ടായിരുന്നു. അല്ലെങ്കിലും ആദം നബി(അ)യുടെ സന്താനങ്ങൾക്ക് വർണ്ണ വൈവിധ്യം ഒരു അലങ്കാരമാണല്ലോ.

ഹോട്ടലിലെത്തിയ ശേഷം ഉസ്ബെക്കിന്റെ ശാന്ത സുന്ദരമായ പ്രകൃതി കാണാനിറങ്ങിയതായിരുന്നു ഞാൻ. ശരത്കാലത്തിലെ മരങ്ങൾ ഇലകൾ പൊഴിച്ച് ഗ്രീഷ്മത്തെ വരവേൽക്കുകയായിരുന്നു. തൊട്ടടുത്തുള്ള ഉദ്യാനത്തിലെ റോസാപുഷ്പങ്ങളുടെ സൗകുമാര്യത വളരെ ഹൃദയഹാരിയായിരുന്നു. അതുകണ്ട് ആസ്വദിച്ചിരുന്ന എനിക്ക് ചെറുപ്പം അനുഭവപ്പെടുന്നത്പോലെ തോന്നി.

> തിമൂർ ചത്വരത്തിൽ സന്ദർശകർക്ക് ആതിഥ്യമരുളിക്കൊണ്ട് ഒരു പടുകൂറ്റൻ പ്രതിമ തലയുയർത്തി നിൽക്കുന്നുണ്ട്. ഉസ്ബെക്കിന്റെ ഇതിഹാസ പുരുഷനും ഭരണാധികാരിയുമായ തിമൂർ കുതിരപ്പുറത്ത് ഇരിക്കുന്ന പ്രതിമയാണത്. 'നീതിയിലെ കരുത്ത്' എന്ന് അതിന്മേൽ ഉല്ലേഖനം ചെയ്തിരിക്കുന്നു.

അടുത്ത ദിവസം താജിക് വംശജരെ പരിചയപ്പെടാൻ വേണ്ടി ഒരു സിം കാർഡ് വാങ്ങാനെന്ന പേരിൽ ബസ് സ്റ്റാൻഡിനടുത്തുള്ള കടയിൽ ചെന്നു. യഥാർത്ഥത്തിൽ എന്റെ ആവശ്യം അവരെ അറിയിക്കാൻ ഒരു മണിക്കൂർ നേരത്തെ സംവേദനം വേണ്ടി വന്നു എനിക്ക്. ഞാൻ ഇന്ത്യക്കാരനാണെന്നറിഞ്ഞതോടെ ഹോളിവുഡിലെ കിംഗ് ഖാനെ കുറിച്ച് വാതോരാതെ സംസാരിക്കാൻ തുടങ്ങി. തിമൂറിന്റെ മകനും ഷാരൂഖ് ഖാൻ എന്ന അതേ പേരു തന്നെയാണുള്ളതെന്ന കാര്യം അവനറിയില്ല എന്നെനിക്കുറപ്പുണ്ടായിരുന്നു. എന്റെ കൈയ്യിലെ ഐഫോൺ സിക്സ് കണ്ട് ഹോട്ടലിലെ വെയ്റ്റർ ഞെട്ടിയത് പോലെ അവരും ഞെട്ടിയിരുന്നു. അവരെ സംബന്ധിച്ചിടത്തോളം ഐഫോൺ  കൗതുക വസ്തുവായിരുന്നു.

## അമീർ തിമൂർ ചത്വരം

തിമൂർ ചത്വരത്തിൽ സന്ദർശകർക്ക് ആതിഥ്യമരുളിക്കൊണ്ട് ഒരു പടുകൂറ്റൻ പ്രതിമ തലയുയർത്തി നിൽക്കുന്നുണ്ട്. ഉസ്ബെക്കിന്റെ ഇതിഹാസ പുരുഷനും ഭരണാധികാരിയുമായ തിമൂർ കുതിരപ്പുറത്ത് ഇരിക്കുന്ന പ്രതിമയാണത്. 'നീതിയിലെ കരുത്ത്' എന്ന് അതിന്മേൽ ഉല്ലേഖനം ചെയ്തിരിക്കുന്നു. അന്നുമുതൽ ഇന്നുവരെ ഉസ്ബെക്കിന്റെ പ്രസിഡണ്ടു പദവിയിലിരിക്കുന്ന ശൗകത്ത് മിർസിയേയോവ് ആണ് 1933-ൽ ഈ പ്രതിമ നിർമ്മിച്ചത്.

## ഹസ്രത്ത് ഇമാം കോംപ്ലക്സ്

അനേകം സുപ്രധാന കെട്ടിടങ്ങളുണ്ട് ഈ കോംപ്ലക്സിൽ. ഇവിടെയുള്ള മ്യൂസിയത്തിൽ ഇസ്‌ലാമിന്റെ മൂന്നാം ഖലീഫ ഉസ്മാൻ(റ)വിന്റെ രക്തക്കറ പുരണ്ടതെന്നു പ്രസിദ്ധമായ മുസ്ഹഫുണ്ട്. ഇസ്‌ലാമിക ലോകത്തെ അത്യപൂർവ്വമായ ചില ഗ്രന്ഥങ്ങളുടെ കൈയ്യെഴുത്ത് പ്രതികൾ ഉൾക്കൊള്ളുന്ന വിശാലമായ ഒരു ലൈബ്രറിയും ഇവിടെയുണ്ട്. ശാഷി (ആധുനിക താഷ്കെന്റ്) ലെ പ്രമുഖ സൂഫീവര്യനും കവിയുമായ കഫാൽ ശാഷിയുടെ മഖ്ബറ നിലകൊള്ളുന്നതും ഈ കോംപ്ലക്സിൽ തന്നെയാണ്.

ളുഹ്റ് നിസ്കാരത്തിനു സമയമായി. വുളു ചെയ്യാൻ വാട്ടർ ടാപ്പുകളുൾപ്പടെ വളരെ പ്രവിശാലമായ സൗകര്യങ്ങളുണ്ട്. വുളു നിർവ്വഹിച്ചു വരുന്ന വിശ്വാസികളെ അത്തറുമായി സ്വീകരിക്കാൻ പ്രായം ചെന്ന ഒരു വ്യക്തി അകത്ത് കാത്തിരിപ്പുണ്ട്. നീളക്കുപ്പായവും രാജകീയ പ്രൗഢിയുള്ള തൊപ്പിയും ധരിച്ച അദ്ദേഹം വിശ്വാസികൾക്ക് കൈകളിൽ അത്തർ പുരട്ടി കൊടുക്കും. നിസ്കാരാനന്തരം വിശ്വാസികൾ ഒന്നിച്ചിരുന്ന് ഈണത്തിൽ ഖുർആൻ ഓതുകയും ദിക്റും ദുആയും നടത്തുകയും ചെയ്യും. ഇമാമിന്റെ നേതൃത്വത്തിൽ ദുആ സംഗമത്തോടെ അവർ പിരിയുന്നു. ഇന്ത്യൻ മുസൽമാനായ എന്നെ കണ്ടതിൽ അവർ ഹർഷപുളകിതരായിരുന്നെങ്കിലും ബാബറിന്റെ നാട്ടുകാരായതിൽ അവർ സ്വയം ഊറ്റം കൊള്ളുകയായിരുന്നു.

## സ്വാതന്ത്ര്യ ചത്വരം

ഉസ്ബെക് സ്വാതന്ത്ര്യ സമരത്തിൽ രക്തസാക്ഷികളായവരുടെ സ്മരണക്കായി നിർമ്മിക്കപ്പെട്ടതാണ് 'ശഹീദ് പാർക്ക്'. സ്വർണ്ണം കൊണ്ടു നിർമ്മിച്ച മെറ്റൽഷീറ്റുകളിൽ ഓരോ രക്തസാക്ഷിയുടെയും പേരു വിവരങ്ങൾ ഉല്ലേഖനം ചെയ്യപ്പെട്ടിരുന്നു.

ആധുനിക ഉസ്ബെക്കിസ്ഥാൻ രാഷ്ട്രീയ-സാമ്പത്തിക കാരണങ്ങൾക്ക് വേണ്ടി അതിന്റെ പൗരാണിക-സമീപകാല ചരിത്രത്തെ അവർ വേണ്ടവിധം സംരക്ഷിച്ചിരുന്നു. രാഷ്ട്രീയമായി, അസ്ഥിത്വപരമായ കാരണങ്ങളാൽ നിലവിലെ ഭരണകൂടങ്ങൾക്ക് ചരിത്രത്തെ ആവശ്യമുണ്ട്. ടൂറിസ്റ്റുകളെ ആകർഷിക്കാനുള്ള ഒരു ഉപകരണംകൂടി

യാണ് ചരിത്രം.

## കുകുൽ ദേശ് മദ്രസ

ഉച്ചയൂൺ കഴിഞ്ഞ് ഞാൻ തൊട്ടടുത്തുള്ള കുകുൽ ദേശ് മദ്രസ സന്ദർശിച്ചു. പുരാതന കാലത്ത് പ്രമുഖ ഇസ്‌ലാമിക കേന്ദ്രങ്ങളിലൊന്നായിരുന്ന ഈ മദ്രസക്ക് സോവിയറ്റ് - കമ്മ്യൂണിസ്റ്റ് വാഴ്ചയുടെ കാലത്ത് പ്രതാപം നഷ്ടപ്പെടുകയായിരുന്നു. മദ്രസാ കെട്ടിടത്തിന്റെ നടുമുറ്റത്ത് മനസ്സിന് കുളിരേകുന്ന ഒരു പൂന്തോട്ടമുണ്ട്. പേർഷ്യൻ ആർച്ചുകൾ, ഗോപുരങ്ങൾ എന്നിവയോടൊപ്പം പാരമ്പര്യ ഉസ്ബെക്കിയൻ ആർക്കിടെക്ചറുകളിലാണ് ഈ കെട്ടിടം നിർമ്മിക്കപ്പെട്ടിട്ടുള്ളത്. എല്ലായിടത്തുമെന്ന പോലെ വിദ്യാർത്ഥികൾ ഇവിടെയും കുറവാണ്. കലയെ പരിപോഷിപ്പിക്കാനും പഠിപ്പിക്കാനും ഇവിടെ കാലിഗ്രഫി വർക്ഷോപ്പുകൾ  നടക്കാറുണ്ട്. അവിടെയുണ്ടായിരുന്ന പ്രഗത്ഭനായ ഒരു കലാകാരനുമായി സംസാരിക്കാൻ എനിക്ക്  അവസരം കിട്ടി. അദ്ദേഹം തന്റെ വിശേഷങ്ങൾ പങ്കുവെക്കുന്നതിനിടെ കേരളത്തിലേക്കുള്ള അദ്ദേഹത്തിന്റെ സന്ദർശനത്തെകുറിച്ചും കോഴിക്കോട് സ്ഥിതിചെയ്യുന്ന ഒരു മസ്ജിദിൽ അദ്ദേഹത്തിന്റെ ചിത്രകല പതിപ്പിച്ചതിനെകുറിച്ചുമൊക്കെ വളരെ ആഹ്ലാദത്തോടെയാണ് എന്നോട് പങ്കുവെച്ചത്.

## ചോർസു ബസാർ

ഉസ്ബെക്കിലെ ഏറ്റവും അറിയപ്പെട്ട മാർക്കറ്റായിരുന്നു ചോർസു ബസാർ. അവിടെ ലഭിക്കാത്തതായി ഒന്നുമില്ല. ചോർസു ബസാറിലൂടെ ഞാൻ കൗതുകപൂർവ്വം അലഞ്ഞുനടന്നു. വസ്ത്രങ്ങൾ, ബാഗ്, ബ്രഡ്, പഴവർഗ്ഗങ്ങൾ, സുഗന്ധ വ്യഞ്ജനങ്ങൾ, പലതരം മിഠായികൾ എന്നിങ്ങനെ എണ്ണിയാലൊടുങ്ങാത്ത പലതുമുണ്ട് മാർക്കറ്റിൽ. അവയത്രയും സഞ്ചാര ചാനലുകളിൽ പ്രദർശിപ്പിക്കപ്പെടാറുള്ള സിൽക്ക് റൂട്ട് ഡോക്യുമെന്ററികളിലേക്ക് എന്റെ ഓർമ്മയെ കൊണ്ടുപോയി. ബസാറിലെ ബഹുഭൂരിഭാഗം കച്ചവടക്കാരും ഉസ്ബെക്കിലെ സ്ത്രീ തൊഴിലാളികളാണ്. വിദേശികളുടെ ബാഹുല്യം കാരണം കച്ചവടച്ചരക്കുകളേക്കാൾ അത്യധികം ജനക്കൂട്ടമുണ്ടായിരുന്നു. ബസാറിൽ നിന്ന് കുറച്ച് ഉസ്ബെക്കിയൻ മധുരപലഹാരങ്ങളും ചരിത്ര പ്രാധാന്യമുള്ള ചില പുരാതന വസ്തുക്കളും ഞാൻ വാങ്ങിക്കൂട്ടി.

## വൈറ്റ് മോസ്ക്

ഉസ്ബെക്കിലെ നയന മനോഹരമായ മറ്റൊരു നിർമ്മിതിയാണ് വൈറ്റ് മോസ്ക്. അകം പള്ളിയിൽ ഒരു തൂണുമില്ലാതെ നിൽക്കുന്ന പള്ളിയുടെ മുകളിൽ മനോഹരമായ വലിയൊരു ഗോപുരമുണ്ട്. മുറ്റത്ത് അതിവിശാലമായ പാർക്കിങ് സൗകര്യവും.

ഉസ്ബെക്കിലുടനീളം എനിക്ക് വഴികാട്ടിയായി ഒരു ഇന്ത്യൻ സുഹൃത്തുണ്ടായിരുന്നു. അദ്ദേഹമാണ് എനിക്ക് ഉസ്ബെക് മുഴുവനും കാണിച്ചുതന്നത്. മുമ്പൊരിക്കൽ ഉസ്ബെക് നഗരത്തിൽ സർവ്വനാശം വിതച്ച ഭൂമികുലുക്കത്തെക്കുറിച്ച് അദ്ദേഹമാണ് എന്നോട് പറഞ്ഞത്.

പ്രാദേശിക സമയം ഏകദേശം അഞ്ചര മണിയായിക്കാണും. തെരുവുകളിൽ ഇരുട്ടു വീണു തുടങ്ങി. പകലവസാനിക്കുകയാണ്. പക്ഷേ യാത്രയവസാനിക്കുന്നില്ല. താഷ്കെന്റ് റെയിൽവേ ഗേറ്റ്



മഖ്ബറക്കുള്ളിലെ വൈഢൂര്യവും സ്വർണ്ണം പൂശിയ കല്ലുകളും എന്റെ കാഴ്ചയേയും മനസ്സിനെയും ഒരേ പോലെ ത്രസിപ്പിച്ചു. അമീറിനു പ്രണാമമർപ്പിച്ച് ഒരു നിമിഷത്തേക്ക് ഞാൻ മൗനിയായി നിന്നു.

പക്ഷേ, ആരുടേതായിരിക്കും ആ ഖബർ? മറ്റു ഖബറുകളിൽ നിന്നും വ്യത്യസ്തമായി പ്രതാപം തോന്നിക്കുന്ന ഒറ്റപ്പെട്ട ഒരു ഖബർ. പട്ടാള മേധാവിക്കു പിന്നിൽ സൈന്യം അണി നിരക്കുന്നതു പോലെ അതിനു പിന്നാലെയാണ് മറ്റു ഖബറുകൾ. അമീറിന്റെ ആത്മീയ ഗുരുവായ സയ്യിദ് ബറകയുടെ ഖബർ ആണ് അത് എന്ന് അന്വേഷണത്തിനൊടുവിൽ അറിഞ്ഞു. സയ്യിദ് ബറകയെ പറ്റി കൂടുതലൊന്നും അറിയില്ലെങ്കിലും തിമൂറിന്റെ ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയ ആത്മീയ പണ്ഡിതനാണെന്നും  ഭരണകാര്യങ്ങളിൽ വിലപ്പെട്ട നിർദ്ദേശങ്ങൾ നൽകിയ വ്യക്തിയാണ് അദ്ദേഹമെന്നും അറിയാൻ കഴിഞ്ഞു. പേരുപോലെ തന്നെ അദ്ദേഹത്തിന്റെ ബറകത്ത് തിമൂറിന്റെ പേരും പെരുമയും നിലനിർത്താൻ ഏറെ സഹായകമായിട്ടുണ്ട്. അത്യാകർഷകമായ ആർക്കിടെക്ചറുകളാണ് റൂഹുകളിലുള്ളത്. ചതുരം, വൃത്തം, ത്രികോണം, ഷഡ് ഭുജം എന്നിങ്ങനെ പല രൂപത്തിലുള്ള ആർക്കിടെക്ചറുകളുണ്ട്. ഡൽഹിയിലെ ഹുമയൂൺ ശവകുടീരത്തിലെ ആർക്കിടെക്ചറുകൾക്ക് പ്രചോദനമായത് സമർഖന്ദിലെ മഖ്ബറകളാണ്. ആഗ്രയിലെ താജ്മഹലിന്റെ പ്രചോദനവും ഇതു തന്നെയായിരുന്നുവെന്ന് പറയപ്പെടുന്നു. ഗൂരേ അമീർ മഖ്ബറയിൽ മൂന്ന് ഖബറുകളാണുള്ളത്. ഒന്ന്, അമീറിന്റേത്, മറ്റൊന്ന്, തന്റെ മകനും പിൻഗാമിയുമായ ശാരൂഖിന്റേത്, മറ്റൊന്ന്, പൗത്രൻ ഉലൂഗ് ബെഗിന്റേതും.

ഒരു ഭാഗത്ത് മധ്യധരണ്യാഴിയും മറുഭാഗത്ത് ഇന്ത്യൻ ഉപഭൂഖണ്ഡവും അമീർ തിമൂറിന്റെ അധികാര പരിധിയിൽ വന്നിരുന്നു. പക്ഷേ ഏതൊരു പൂർണ്ണചന്ദ്രനും നിറം മങ്ങുന്നൊരു സമയമുണ്ടല്ലോ. അത്തരമൊരു കാലസന്ധിയിൽ തിമൂറിന്റെ സാമ്രാജ്യവും അസ്തമിച്ചുപോയി. സയ്യിദ് ബറകയുടെ മഖ്ബറയിലേക്ക് സ്വദേശികളും വിദേശികളുമായ അനേകം സന്ദർശകർ ഒഴുകിക്കൊണ്ടിരുന്നു. ഇതിനു സമീപത്തു തന്നെയാണ് സൂഫിവര്യനായ ബുർഹാനുദ്ദീൻ സഖർജിയുടെ മഖ്ബറ നിലകൊള്ളുന്നത്. ചൈനയിലാണ് മഹാനവർകൾ മരണപ്പെട്ടതെങ്കിലും വസ്വിയ്യത്ത് പ്രകാരം സമർഖന്ദിന്റെ മണ്ണിലേക്ക് മറമാടാൻ കൊണ്ടുവരികയായിരുന്നു.

മതവിരുദ്ധരുടെയും യുക്തിവാദികളുടെയും ധൈഷണികാക്രമണത്തിൽ നിന്നും ഇസ്‌ലാമിക വിശ്വാസത്തിന്റെ സംരക്ഷണത്തിന് വേണ്ടി നിലകൊണ്ട ഇമാം അശ്അരി(റ)യുടെയും ഇമാം മാതുരീദി(റ)യുടെയും നാട് കൂടിയാണ് സമർഖന്ദ്.



മതവിരുദ്ധരുടെയും യുക്തിവാദികളുടെയും ധൈഷണികാക്രമണത്തിൽ നിന്നും ഇസ്‌ലാമിക വിശ്വാസത്തിന്റെ സംരക്ഷണത്തിനുവേണ്ടി നിലകൊണ്ട ഇമാം അശ്അരി(റ)യുടെയും ഇമാം മാതുരീദി(റ)യുടെയും നാട് കൂടിയാണ് സമർഖന്ദ്.

## റെജിസ്ഥാൻ സ്ക്വയർ

ലോകത്തെ സൗന്ദര്യമേറിയ സ്ഥലങ്ങളിലൊന്നായി അറിയപ്പെടുന്നു റെജിസ്ഥാൻ ചത്വരം. 'മധ്യേഷ്യയുടെ പവിഴ'മെന്നും ഇതിന് പേരുണ്ട്. അമീർ തിമൂറിന്റെ പത്നിയുടെ പേരിൽ നിർമ്മിക്കപ്പെട്ട ബീബി ഖാനിം മസ്ജിദിനു പുറമെ ഈ ചത്വരത്തിൽ മൂന്ന് മദ്രസകളുണ്ട്. ഉലൂഗ് ബെഗ് മദ്രസ, തില്ല്യ - കാരി മദ്രസ, ഷെർദർ മദ്രസ എന്നിവ.

റെജിസ്ഥാൻ എന്നാൽ ഭാഷാർത്ഥത്തിൽ പൂഴിയുള്ള പ്രദേശം എന്നാണർത്ഥം. തിമൂറിയൻ കാലത്ത് ഇവിടം പ്രമുഖ വാണിജ്യകേന്ദ്രമായിരുന്നെങ്കിലും ഉലൂഗ് ബെഗിന്റെ കാലമായപ്പോഴേക്കും ആത്മീയതയുടെ കേന്ദ്രമായി റെജിസ്ഥാൻ പരിവർത്തിപ്പിക്കപ്പെട്ടു. സമർഖന്ദിന്റെ ആത്മീയ - വാണിജ്യ കേന്ദ്രമായിരുന്നതു കൊണ്ട് റെജിസ്ഥാന് യുനെസ്കോ പൈതൃക പട്ടികയിൽ ഇടം നൽകിയിട്ടുണ്ട്. എന്നാൽ ഇന്നത്തെ റെജിസ്ഥാന്  യാതൊരു പ്രാമുഖ്യവുമില്ല. അവയത്രയും കാലത്തിന്റെ കൽപ്പടവുകൾക്ക് പിന്നിൽ പോയി ഒളിച്ചിരിക്കുന്നു.

വഴിയരികിൽ പാശ്ചാത്യ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ പാരമ്പര്യ വസ്ത്രങ്ങളും കരവിരുതുകളും വിൽക്കുന്ന കടകളുണ്ട്. കബാബുകൾ വിൽക്കപ്പെടുന്ന ഫാസ്റ്റ്ഫുഡ് കടകൾ, ഫ്രഷ് ജ്യൂസ് കടകൾ എന്നിവയും ധാരാളമായി കാണാം. മുന്നോട്ട് നടന്നുനീങ്ങിയതും ഗവൺമെന്റ് സ്കൂളുകൾ കണ്ടുതുടങ്ങി. അക്കാദമിക മികവുകൾക്കനുസരിച്ച് ഓരോ സ്കൂളിനും പ്രത്യേകം റാങ്കുകൾ നൽകപ്പെടുകയും അവ സ്കൂളിനു മുകളിൽ പ്രത്യേകം എഴുതി വെക്കുകയും ചെയ്തിരുന്നു. വിദ്യാർത്ഥികളിലധികവും നടന്നായിരുന്നു സ്കൂളിലെത്തിയിരുന്നത്. നിരത്തിലൂടെ ആകെ സഞ്ചരിച്ചിരുന്നത് ജല സേചന പദ്ധതിക്കുള്ള വണ്ടിയായിരുന്നു.



## ശാഖി സിന്ദ

ജീവിച്ചിരിക്കുന്ന രാജാവ് അഥവാ ശാഖി സിന്ദ എന്ന പേരിലറിയപ്പെടുന്ന, പ്രവാചകർ(സ)യുടെ ബന്ധുവായ ഖുസാം ഇബ്നു അബ്ബാസിന്റെ മഖ്ബറ റെജിസ്താൻ ചത്വരത്തിൽ നിന്നും അത്ര വിദൂരത്തല്ല. ഈ മേഖലയിൽ ഇസ്‌ലാം പ്രചരിപ്പിച്ച പ്രധാന വ്യക്തികളിൽ ഒരാൾ കൂടിയായിരുന്നു ഖുസാം. രൂപത്തിലും ഭാവത്തിലും ഖുസാം തന്നെപ്പോലെയായിരുന്നുവെന്നാണ് പ്രവാചകർ(സ) അദ്ദേഹത്തെക്കുറിച്ച് വിശേഷിപ്പിച്ചത്. തിമൂറിയൻ രാജകുടുംബാംഗങ്ങളുടെ ഖബറിടങ്ങൾ അടങ്ങുന്ന ഈ സമുച്ചയം പേർഷ്യൻ ആർക്കിടെക്ചറിന്റെ ഏറ്റവും ഉദാത്ത മാതൃകയാണ്.

## ഇമാം ബുഖാരി(റ)

വെള്ളിയാഴ്ച ജുമുഅ സമയമായി. ഊർജ്ജസ്വലത നഷ്ടപ്പെട്ട സമുദായമായിരുന്നെങ്കിലും വെള്ളിയാഴ്ച പെരുന്നാൾ മിതമായ ആവേശത്തോടെയാണ് അവിടെ കൊണ്ടാടപ്പെടുന്നത്. പള്ളിയുടെ പ്രവേശന കവാടത്തിലെ ഹരിത നീലിമ നിറങ്ങളിലുള്ള അതിമനോഹരമായ ഗോപുരങ്ങൾ അതിന്റെ ശില്പിയുടെ നിർമ്മാണ വൈദഗ്ധ്യം തെളിയിക്കുന്നുണ്ട്. വിശ്വാസികൾ പള്ളിയിൽ പ്രവേശിച്ചു തുടങ്ങി. പള്ളിയിലേക്കുള്ള വഴികളിൽ അപ്പോഴും നവ വധൂവരന്മാരുടെ ഫോട്ടോഷൂട്ട് നടക്കുന്നുണ്ടായിരുന്നു. ഖുതുബക്ക് മുമ്പ് ഇമാം ഉസ്ബെക് ഭാഷയിൽ പ്രസംഗിച്ചു. ശേഷം അറബിയിൽ ഖുതുബ നിർവഹിച്ചു. ശുഭ്രവസ്ത്രവും തലപ്പാവും അണിഞ്ഞിട്ടുണ്ട്. ഇമാം നിസ്കാരാനന്തരം റൂമിലേക്ക് പോയ ഇമാമിനെ കറുത്ത സ്യൂട്ടും തുബിതൈക (ചതുരാകൃതിയിലുള്ള ഒരു തരം ഉസ്ബെക്കിയൻ തൊപ്പി)യും ധരിച്ച് കുറച്ചു പേർ പിന്തുടരുന്നുണ്ടായിരുന്നു. നിറമുള്ള പരമ്പരാഗത വസ്ത്രങ്ങളണിഞ്ഞ സ്ത്രീകൾ പ്രാർത്ഥനയും കിനാവുമായി പള്ളിമുറ്റത്ത് ഉലാത്തുന്നത് കാണാം. മുറിവേറ്റ ഹൃദയവുമായി ഇമാം ബുഖാരിയുടെ ആത്മീയ സാന്നിധ്യം ലഭിക്കാൻ എത്തിയവരാണവർ. ഏറെ കാത്തിരിപ്പിനൊടുവിൽ ലക്ഷ്യം സഫലീകരിക്കപ്പെട്ടതിന്റെ നിർവൃതിയിൽ ഞാൻ ഇമാം ബുഖാരി(റ)യുടെ മഖ്ബറ ലക്ഷ്യമാക്കി നീങ്ങി. മഖ്ബറക്കടുത്ത് ഒരു കുടുംബം കൂട്ട പ്രാർത്ഥന നടത്തുന്നത് ശ്രദ്ധയിൽപെട്ടു. മഖ്ബറക്ക് മേൽ സ്ഥാപിക്കപ്പെട്ട വെളുത്ത സ്മാരക ശിലയിലായിരുന്നു അവരുടെ കണ്ണുകൾ പതിഞ്ഞിരുന്നത്. വിശ്വാസികൾ അതിനുമേൽ നോക്കിയായിരുന്നു പ്രാർത്ഥിച്ചിരുന്നത്. ഞാനും അതേ പ്രകാരം മഖ്ബറക്കടുത്ത് നിന്ന് പ്രാർത്ഥിച്ചു. ഇമാം ബുഖാരിയെ പോലോത്തവരെ കൊണ്ട് ഉസ്ബെക്കിന്റെ മണ്ണ് ഇനിയും അനുഗൃഹീതമാവട്ടെ എന്ന് ആത്മഗതം ചെയ്തു കൊണ്ട് ഞാൻ തിരിച്ചുപോന്നു. ഇന്നും സുവർണ്ണ ഓർമ്മകളിൽ ഇമാം ബുഖാരി ജീവിക്കുന്നു. ഈ സമയം, ഇമാം ബുഖാരിയിൽ വിജ്ഞാന അഭിനിവേശം നിറച്ച മാതാവിനെ നമുക്ക് മറക്കാതിരിക്കാം.

> ഇമാം ബുഖാരി, ശാഖി സിന്ദ, രുഖാബാദ് എന്നിവിടങ്ങളിലെ മഖ്ബറകൾ ഒരുദിവസം സന്ദർശിച്ചാൽ ചെറിയ ഹജ്ജിനു തുല്യമാണെന്നാണ് ഉസ്ബെക്കുകാരുടെ വിശ്വാസം. അത്രയേറെ മഹത്ത്വവും പ്രാധാന്യവുമുണ്ട് ഈ മൂന്ന് മഖ്ബറകൾക്കും.

സന്ദർശനം മതിയാക്കി ഗേറ്റു കടന്ന് പുറത്തേക്കിറങ്ങി. എന്തോ സമർഖന്ദ് മതിവരുവോളം ആസ്വദിക്കാൻ പറ്റിയില്ല എന്നൊരു തോന്നൽ. എന്തുതന്നെയായാലും എനിക്കേറ്റവും ഇഷ്ടപ്പെട്ട സ്ഥലങ്ങളിൽ ആദ്യസ്ഥാനം സമർഖന്ദിനാണ്. ചരിത്രവും പൈതൃകവും ഉറങ്ങിക്കിടക്കുന്ന ഭൂമി. സംസ്കാരത്തിന്റെയും പൈതൃകത്തിന്റെയും ശ്രുതിതാളങ്ങളെ സ്നേഹിക്കുന്നവർക്ക് അഭയം തന്നെയാണ് സമർഖന്ദ്. അവസരം കിട്ടിയാൽ ഇനിയൊരിക്കൽകൂടി അവിടെ പോകണം. മതി വരുവോളും സമർഖന്ദിനെ അനുഭവിക്കണം.

ഇമാം ബുഖാരി, ശാഖി സിന്ദ, രുഖാബാദ് എന്നിവിടങ്ങളിലെ മഖ്ബറകൾ ഒരുദിവസം സന്ദർശിച്ചാൽ ചെറിയ ഹജ്ജിനു തുല്യമാണെന്നാണ് ഉസ്ബെക്കുകാരുടെ വിശ്വാസം. അത്രയേറെ മഹത്ത്വവും പ്രാധാന്യവുമുണ്ട് ഈ മൂന്ന് മഖ്ബറകൾക്കും.

'ദർവീഷ് രൂപത്തിൽ വന്ന ദൈവചൈതന്യം കിഴക്കിന്റേതോ പടിഞ്ഞാറിന്റേതോ അല്ല. എന്റെ നാട് ഡൽഹിയോ ഇസ്ഫഹാനോ സമർഖന്ദോ പോലുമല്ല.' - ഇഖ്ബാൽ (ബാലെ ജിബ്രീൽ).

(തുടരും)

**വിവർത്തനം: എൻ. മുഹമ്മദ് ഖലീൽ**